"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരള സദസ്സിൽ സമർപ്പിക്കപ്പെട്ട പരാതി -മഞ്ചേരി നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ അക്രഡിറ്റഡ് ഓവർസീയറായി ജോലി ചെയ്തിരുന്ന ശ്രീ.സിറാജുദീൻ കെ. എന്നയാൾക്ക് അർഹമായ വേതനം അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.477/2025/LSGD തീയതി,തിരുവനന്തപുരം, 15-02-2025

---

പരാമർശം:-

1. ശ്രീ.സിറാജുദീൻ.കെ നവകേരള സദസ്സിൽ സമർപ്പിച്ച MPM0371405 നമ്പർ നിവേദനം
2. മഞ്ചേരി നഗരസഭ സെക്രട്ടറിയുടെ 11/04/2024-ലെ 916791/2024 നമ്പർ കത്ത്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.04.2024, 08.12.2024 തീയതികളിലെ LSGD/PD/11741/2024-DPLD3 നമ്പർ കത്തുകൾ

**ഉത്തരവ്**

മഞ്ചേരി നഗരസഭയിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ അക്രഡിറ്റഡ് ഓവർസീയറായി ജോലി ചെയ്തിരുന്ന ശ്രീ.സിറാജുദീൻ കെ. എന്നയാൾ നവകേരള സദസ്സിൽ സമർപ്പിച്ച അപേക്ഷ, മഞ്ചേരി നഗരസഭാ സെക്രട്ടറി പരാമർശം (2) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. 2011 ഫെബ്രുവരി 24 മുതൽ 2011 ജൂൺ മാസം വരെ മഞ്ചേരി നഗരസഭയിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഓവർസീയറായി ജോലി ചെയ്ത ശ്രീ.സിറാജുദീന് ടിയാൻ ജോലി ചെയ്ത കാലയളവിലെ അർഹതപ്പെട്ട വേതനം ലഭ്യമായില്ല എന്നും അർഹതപ്പെട്ട വേതനം അനുവദിക്കണമെന്നുമാണ് അപേക്ഷയിലെ ആവശ്യം.

2.നിർദ്ദിഷ്ട യോഗ്യതയായ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമയുള്ള ഉദ്യോഗാർത്ഥിയെ ലഭിക്കാതിരുന്ന സാഹചര്യത്തിലാണ് ഐ.ടി.ഐ യോഗ്യതയുള്ള ശ്രീ.സിറാജുദീനെ നഗരസഭ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അക്രഡിറ്റഡ് ഓവർസിയറായി നിയമിച്ചിരുന്നത്. എന്നാൽ സർക്കാർ അംഗീകൃത യോഗ്യത ഇല്ലാത്തതിനാൽ നിയമനം തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ അംഗീകരിക്കാത്ത സാഹചര്യത്തിൽ ടിയാൻ ജോലി ചെയ്ത കാലയളവിലെ വേതനം നൽകാൻ സാധിച്ചിട്ടില്ല എന്നും ആയതിനാൽ ശ്രീ.സിറാജുദീന് വേതനം അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകുന്നത് സംബന്ധിച്ച് മഞ്ചേരി നഗരസഭാ സെക്രട്ടറിയുടെ കത്തും അനുബന്ധരേഖകളും ഉള്ളടക്കം ചെയ്തുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ

ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരമാണ് അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലും കരാർ നിയമനങ്ങൾ നടത്തിയിരുന്നത്. സിവിൽ എഞ്ചിനിയറിംഗ് ഡിപ്ലോമ യോഗ്യത നിശ്ചയിച്ചിരുന്ന ഓവർസിയർ തസ്തികയിൽ നിർദിഷ്ട യോഗ്യത ഉള്ളവരുടെ അഭാവത്തിൽ പഞ്ചായത്തുകൾ ഐ.ടി.ഐ. യോഗ്യതയുള്ളവരെ ഓവർസിയർ ആയി നിയമിച്ചിരുന്നു. നിലവിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ഓവർസിയർ നിയമനത്തിനുള്ള യോഗ്യത മൂന്ന് വർഷ പോളിടെക്നിക് സിവിൽ ഡിപ്ലോമ അല്ലെങ്കിൽ രണ്ട് വർഷ ഡ്രാഫ്റ്റ്സ്മാൻ സിവിൽ സർട്ടിഫിക്കറ്റ് ആണ്.

4. മേൽ വിവരിച്ച സാഹചര്യത്തിൽ, അർഹമായ യോഗ്യതയുള്ള ഉദ്യോഗാർഥികളുടെ അഭാവത്തിൽ സർക്കാർ അംഗീകാരത്തിന് വിധേയമായി കൗൺസിൽ തീരുമാനപ്രകാരം ശ്രീ.സിറാജുദീന് നിയമനം നൽകുകയായിരുന്നു എന്നതിനാലും ടിയാൻ നവകേരള സദസ്സിൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ചും ഒരു പ്രത്യേക കേസായി കണക്കിലെടുത്തുകൊണ്ടും 2011 ഫെബ്രുവരി 24 മുതൽ 2011 ജൂൺ മാസം വരെ മഞ്ചേരി നഗരസഭയിൽ അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ ഓവർസീയറായി ജോലി ചെയ്ത ശ്രീ.സിറാജുദീന് ജോലി ചെയ്ത കാലയളവിലെ അർഹമായ വേതനം അനുവദിക്കാൻ നഗരസഭാ സെക്രട്ടറിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണം,തിരുവനന്തപുരം
സെക്രട്ടറി, മഞ്ചേരി നഗരസഭ, മലപ്പുറം
ശ്രീ.സിറാജുദീൻ.കെ., ചാത്തകാവിൽ ഹൗസ്, മഞ്ഞപ്പറ്റ, എളങ്കൂർ, മഞ്ചേരി പി.ഒ., മലപ്പുറം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

Signed by
Nisam N
Date: 15-02-2025 14:46:32